# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2168 — 20 .06.2012 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; | (എ) 19.1.2012 ൽ തൈക്കാട് ഗസ്റ്റ്ഹൗസിൽവെച്ച് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ മെഡിക്കൽ ആഫീസർമാർ തുടങ്ങിയവരുടെ യോഗത്തിൽവെച്ച് സമഗ്ര ആരോഗ്യ പദ്ധതിയുടെ ഔദ്യോഗിക ആരംഭം കുറിയ്ക്കുകയും സമഗ്ര എന്ന കൈപ്പുസ്തകത്തിന്റെ പ്രകാശനം കുറിയ്ക്കുകയും ചെയ്തു.<br><br>മൂന്നു ഘട്ടങ്ങളിലായി നടത്തുന്ന ഈ പരിപാടിയുടെ ഒന്നാംഘട്ടം ജനുവരി 15 ന് തുടങ്ങി മാർച്ച് 15 ന് അവസാനിച്ചു. ഈ കാലയളവിൽ കൊതുക്, കൂത്താടി നശീകരണം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി. ത്രിതല പഞ്ചായത്ത് ഘടനയിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. വാർഡ് തലത്തിലുള്ള ഉറവിട നശീകരണവും ശുചിത്വ പരിപാടികളും നടപ്പിലാക്കുകയുണ്ടായി.<br><br>രണ്ടാംഘട്ട പ്രവർത്തനങ്ങൾ മെയ് 15 -ന് ആരംഭിച്ചു. ഇത് ജൂലൈ 31 വരെ നീണ്ടു നിൽക്കും. ഈ ഘട്ടത്തിൽ രോഗപ്രതിരോധ, രോഗചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും, നിയന്ത്രണവും കുടിവെള്ളസ്രോതസ്സുകളിൽ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കുന്നത്. ഇതിനുപുറമേ ജീവിത ശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള നടപടികളും നടപ്പിലാക്കുന്നുണ്ട്. |

(ബി) പൊതുജനാരോഗ്യത്തെ ബാധിക്കുന്ന എന്തെല്ലാം വിഷയങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്;

(ബി) കേരളത്തിൽ ആവർത്തിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികൾ ഏതൊക്കെയാണെന്നും അവ ഏതൊക്കെ പ്രദേശങ്ങളിലാണ് കൂടുതലായി വരാറുള്ളതെന്നും കണ്ടെത്തി അവയെ പ്രതിരോധിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിരീക്ഷണ പര്യവേക്ഷണ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണം എന്നിവയാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ ജീവിതശൈലീ രോഗങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും രോഗ നിർണ്ണയവും ചികിത്സയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കിയത് എന്ന് വ്യക്തമാക്കുമോ?

(സി) പകർച്ചവ്യാധികളെ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ശുചിത്വമിഷൻ തുടങ്ങിയവയുടെ സഹകരണത്തോടുകൂടിയാണ്. കൂടാതെ ജലവിഭവവകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഫിഷറീസ്, തുടങ്ങിയ വകുപ്പുകളും പകർച്ചവ്യാധിനിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കുവഹിക്കുന്നുണ്ട്.

B.V. [signature]

സെക്ഷൻ ഓഫീസർ